**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഹൈഡ്രോഗ്രാഫിക് സർവേ വിങ്ങിൽ ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിൽ ആസ്ഥാന ഒഴിവിൽ നിയമിതനായ ശ്രീ. വിനോദ്. വി.ആർ, ഡ്രൈവർ ഗ്രേഡ് II(എൽ.ഡി.വി) യ്ക്ക് പഞ്ചായത്ത് വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ (സാധാ) നം. 521/2020/തസ്വഭവ** **തീയതി, തിരുവനന്തപുരം, 02/03/2020**

---

പരാമർശം : 1. 06/02/2013- ലെ സ.ഉ (പി) 5/13/ ഉ.ഭ.പ.വ ഉത്തരവ്
2. ശ്രീ. വിനോദ്.വി.ആർ ന്റെ 28.05.2019 ലെ അപേക്ഷ
3. ചീഫ് ഹൈഡ്രോഗ്രാഫറുടെ 03.06.2019 ലെ എ 1/1605/2019 നം. കത്ത്
4. പഞ്ചായത്ത് ഡയറക്ടറുടെ 29.06.2019, 13.01.2020 തീയതികളിലെ PAN/7987/2019-E14(DP) നം. കത്തുകൾ

ഹൈഡ്രോഗ്രാഫിക് സർവേ വിങ്ങിൽ ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിൽ ആസ്ഥാന ഒഴിവിൽ ഡ്രൈവർ ഗ്രേഡ് II ( എൽ.ഡി.വി) തസ്തികയിൽ നിയമനം ലഭിച്ച ശ്രീ. വി.ആർ. വിനോദ് പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം ലഭിക്കുന്നതിനായി പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചു. ആലപ്പുഴ ജില്ലയിൽ ഹൈഡ്രോഗ്രാഫിക് സർവേ വിങ്ങിന് വാഹനവും തസ്തികയുമുള്ള ഓഫീസ് ഇല്ലാത്തതിനാൽ ടിയാന് സ്വന്തം ജില്ലയിലേക്ക് സ്ഥലംമാറ്റം ലഭിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്നും ആയതിനാൽ പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ഡ്രൈവർ ഗ്രേഡ് II (എൽ.ഡി.വി) ഒഴിവിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കണമെന്നും ശ്രീ. വി.ആർ. വിനോദ് ടിയാന്റെ അപേക്ഷയിൽ അഭ്യർത്ഥിച്ചു. ആലപ്പുഴ ജില്ലയിൽ ഹൈഡ്രോഗ്രാഫിക് സർവേ വിങ്ങിൽ അടുത്ത 5 വർഷത്തിനുള്ളിൽ ഡ്രൈവർ തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെ ഉണ്ടാവുകയില്ലെന്നും ടിയാന് പഞ്ചായത്ത് വകുപ്പിൽ നിയമനം ലഭിക്കുന്ന പക്ഷം മാതൃവകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും പരാമർശം (3) പ്രകാരം ചീഫ് ഹൈഡ്രോഗ്രാഫർ റിപ്പോർട്ട് ചെയ്തു. പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ ഡ്രൈവർ തസ്തികയിൽ ഒരു ഒഴിവ് നിലവിലുള്ളതായും ശ്രീ. വി.ആർ. വിനോദ് ആസ്ഥാന ഒഴിവിൽ നിയമിക്കപ്പെട്ടു എന്ന കാരണത്താലാണ് സ്വന്തം ജില്ലയിൽ നിയമിക്കപ്പെടാനുള്ള അവസരം നഷ്ടമായതെന്നും ആയതിനാൽ ശ്രീ. വി.ആർ. വിനോദിന്റെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് പഞ്ചായത്ത് വകുപ്പിൽ ആലപ്പുഴ ജില്ലയിൽ നിയമനം നൽകുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്നും പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരം ജില്ലാതല നിയമന പ്രക്രിയയിലൂടെ ആസ്ഥാന ഒഴിവിൽ നിയമിതനായ ഒരു വ്യക്തിക്ക് ടിയാൻ തെരഞ്ഞെടുക്കപ്പെട്ട വകുപ്പിന് ടിയാന്റെ തെരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ ജില്ലാ / പ്രാദേശിക ഓഫീസുകൾ നിലവിലില്ലായെങ്കിലോ, പ്രസ്തുത തസ്തിക നിലവിലില്ലായെങ്കിലോ, അഥവാ/ പ്രാദേശിക ഓഫീസും തസ്തികയും നിലവിലുണ്ടെങ്കിലും അഞ്ചു വർഷത്തിനുള്ളിൽ പ്രസ്തുത തസ്തികയിൽ ടിയാന് സ്ഥലംമാറ്റം നൽകാൻ ഒഴിവ് നിലവിൽ വരികയില്ലായെന്ന് മേലധികാരി സാക്ഷ്യപ്പെടുത്തുന്ന സന്ദർഭങ്ങളിലോ ടിയാന് തെരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ അതേ വകുപ്പിൽ സ്ഥലം മാറ്റം ലഭിക്കുന്നതിനുള്ള അവസരം ഇല്ലാതായിതീരുകയും ഇത്തരം സന്ദർഭങ്ങളിൽ ടിയാൻ തെരഞ്ഞെടുക്കപ്പെട്ട ജില്ലയിൽ മറ്റേതെങ്കിലും വകുപ്പിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് വകുപ്പ് അദ്ധ്യക്ഷൻമാരുടെ പരസ്പരസമ്മതം വാങ്ങി അന്തർ വകുപ്പ് സ്ഥലം മാറ്റം നൽകാവുന്നതാണ്.

മേൽ സാഹചര്യത്തിൽ ഹൈഡ്രോഗ്രാഫിക് സർവേ വിങ്ങിൽ ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയത്തിലെ ശ്രീ. വിനോദ്.വി.ആർ, ഡ്രൈവർ ഗ്രേഡ് II(എൽ.ഡി.വി) യ്ക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പഞ്ചായത്ത് വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ചും ആലപ്പുഴ ജില്ലയിൽ നിലവിലുള്ള ഡ്രൈവർ തസ്തികയിലെ ഒഴിവിൽ നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ. ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ. വിനോദ്.വി.ആർ, ഡ്രൈവർ ഗ്രേഡ് II(എൽ.ഡി.വി), ചീഫ് ഹൈഡ്രോഗ്രാഫറുടെ കാര്യാലയം, ഹൈഡ്രോഗ്രാഫിക് സർവേ വിങ്ങ്, തിരുവനന്തപുരം. (ചീഫ് ഹൈഡ്രോഗ്രാഫർ മുഖേന)

ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവേ വിങ്ങ്, മണക്കാട്, കമലേശ്വരം, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ ജില്ല.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/95/2019-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

Danuja ML

സെക്ഷൻ ഓഫീസർ